പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3352** **12. 12. 2014-** ലെ മറുപടി

## പ്രവാസി ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ. പി.തിലോത്തമൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)ഗൾഫ് രാജ്യങ്ങളിൽ നിന്നും സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് ഇതിനകം എത്ര പേർ സംസ്ഥാനത്ത് തിരിച്ചെത്തിയിട്ടുണ്ട്; ഇവർക്കായി ഒരു പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; | എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്ക – റൂട്ട്സ് ഏർപ്പെടുത്തിയിട്ടുള്ള രജിസ്ട്രേഷൻ സംവിധാനത്തിലൂടെ 24548 പേർ ഗൾഫ് രാജ്യങ്ങളിൽ നിന്ന് തിരികെയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരികെയെത്തിയ പ്രവാസി മലയാളികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി)ഗൾഫ് രാജ്യങ്ങളിൽ നിന്നും സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് ഇതിനകം സംസ്ഥാനത്ത് തിരിച്ചെത്തിയവർക്കുള്ള പുനരധിവാസ പദ്ധതിയുടെ പ്രയോജനം ഇതിനകം എത്ര പേർക്ക് ലഭിച്ചു; ഇതിന് മേൽനോട്ടം വഹിക്കേണ്ട നോർക്ക റൂട്ട്സിന്റെ പ്രവർത്തനം നിർജ്ജീവമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ബി) വിദേശ രാജ്യങ്ങളിൽ നിന്നു മടങ്ങിയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡിയോടെ ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതിയ്ക്കായി അപേക്ഷ നൽകിയ 19690 പേരിൽ 320 -ഓളം പേർക്ക് ഇതിനകം വായ്പ അനുവദിച്ചിട്ടുണ്ട്. ബോധവത്കരണ/ പരിശീലന പരിപാടികളിൽ പങ്കെടുത്ത് ബാങ്ക് വായ്പക്ക് അർഹരാണെന്ന് കണ്ടെത്തിയ 3000 -ഓളം പേരുടെ അപേക്ഷ ബാങ്കുകളിൽ അവസാന ഘട്ടത്തിലാണ്. മറ്റുള്ളവ വിവിധ ഘട്ടങ്ങളിൽ പരിശോധിച്ചു വരികയാണ്. കൂടാതെ നോർക്ക – റൂട്ട്സിൽ പേര് രജിസ്റ്റർ ചെയ്ത 22,634 പേരോട് പുനരധിവാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിവരശേഖരണം നടത്തി അതിന്മേലുള്ള നടപടികളും സമയബന്ധിതമായി നടക്കുന്നുണ്ട്. നോർക്ക വകുപ്പിന് കീഴിലെ നോർക്ക – റൂട്ട്സ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നാണ് വിലയിരുത്തുന്നത്. |

സെക്ഷൻ ഓഫീസർ